ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.07.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഈ വർഷത്തെ ധീരതാ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ന്യൂഡൽഹിയിൽ വിതരണം ചെയ്തു.

   This year's Gallantary awards were distributed by President Draupadi Murmu in New Delhi.

2. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി നാളെ തിരുവനന്തപുരത്തെത്തും. വലിയമല I I S T യിലെ ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും.

   Vice President Jagdeep Dhankar will arrive in Thiruvananthapuram tomorrow for a two-day visit to Kerala. He will attend the graduation ceremony at Valiamala I I S T.

3. ഈ വർഷത്തെ NEET-PG പ്രവേശന പരീക്ഷ അടുത്ത മാസം 11 ന് നടക്കും. രണ്ട് ഷിഫ്റ്റുകളായിട്ടാണ് പരീക്ഷ.

   NEET-PG entrance exam for this year will be held on 11th of next month. The exam is conducted in two shifts.

4. രാജ്യത്തെ പ്രധാന പ്രതിരോധ ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള അനുകൂല അന്തരീക്ഷം സർക്കാർ പരിപോഷിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

Prime Minister Narendra Modi said the government will foster an enabling environment to make the country a major defence manufacturing hub.

5. ഇന്ത്യൻ റെയിൽവേ ഈ വർഷം 2,500 ജനറൽ കോച്ചുകൾ നിർമ്മിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

Union Minister Ashwini Vaishnav said Indian Railways will manufactured 2,500 general coaches this year.

6. ദക്ഷിണാഫ്രിക്കക്കെതിരായ വനിതാ ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഫീൽഡിംഗ് തെരഞ്ഞെടുത്തു. യൂറോ കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇന്ന് സ്പെയിൻ -ജർമ്മനിയെയും, പോർച്ചുഗൽ -ഫ്രാൻസിനെയും നേരിടും.

India chose to field in the first match of the Women's Twenty20 cricket series against South Africa. Today, Spain will face Germany and Portugal will face France in the quarter-finals of the Euro Cup.

********************

## Bravery Award

ഈ വർഷത്തെ ധീരതാ പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്തു. രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്, കേന്ദ്രമന്ത്രിമാർ, പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ സന്നിഹിതരായിരുന്നു. ധീരതാ പുരസ്ക്കാരങ്ങളുടെ ആദ്യ ഘട്ടമാണ് ഇന്ന് വിതരണം ചെയ്തത്.

********************

## VICE PRESIDENT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായി നാളെ തിരുവനന്തപുരത്തെത്തും. വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയിൽ നടക്കുന്ന ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. മികച്ച വിജയം നേടിയ വിദ്യാർഥികൾക്കുള്ള സ്വർണമെഡലുകൾ ഉപരാഷ്ട്രപതി സമ്മാനിക്കും. തുടർന്ന്, കൊല്ലത്തെത്തുന്ന ശ്രീ ധൻകർ വൈകിട്ട് അഷ്ടമുടി കായലിൽ ബോട്ട് സവാരി നടത്തും. ഞായറാഴ്ച ഉപരാഷ്ട്രപതി ഡൽഹിയിലേക്ക് മടങ്ങും.

*******************

## PM-DEFENCE

കഴിഞ്ഞ സാമ്പത്തിക വർഷം പ്രതിരോധ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന മൂല്യത്തിൽ രാജ്യം എക്കാലത്തെയും ഉയർന്ന വളർച്ച കൈവരിച്ചതിനെ പ്രകീർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഈ നേട്ടത്തിനായി പരിശ്രമിച്ച എല്ലാവരെയും അഭിനന്ദിക്കുന്നതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. രാജ്യത്തെ പ്രധാനപ്പെട്ട പ്രതിരോധ ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള അനുകൂല അന്തരീക്ഷം പരിപോഷിപ്പിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. ഇത് രാജ്യത്തിൻറെ സുരക്ഷാ സംവിധാനങ്ങൾ വർധിപ്പിക്കുമെന്നും ഇന്ത്യയെ സ്വയം പര്യാപ്തമാക്കുമെന്നും അദ്ദേഹം അറിയിച്ചു.

*******************

## NEET-PG EXAM

ഈ വർഷത്തെ NEET-PG പ്രവേശന പരീക്ഷ അടുത്ത മാസം 11 ന് നടക്കും. രണ്ട് ഷിഫ്റ്റുകളായിട്ടാണ് പരീക്ഷ. പരീക്ഷയുടെ പുതുക്കിയ തീയതി നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ്

ഇൻ മെഡിക്കൽ സയൻസസ് ഇന്ന് പുറത്തിറക്കി.
പരീക്ഷ നടത്തിപ്പ് സംബന്ധിച്ച ആരോപണങ്ങളുടെ
പശ്ചാത്തലത്തിൽ കഴിഞ്ഞ
മാസം നടത്താനിരുന്ന പരീക്ഷ തലേദിവസം മാറ്റിയതായി പ്രഖ്യാപിക്കുകയായിരുന്നു.

*******************

## MEA-PM VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ റഷ്യ, ഓസ്ട്രിയ സന്ദർനത്തിന് തിങ്കളാഴ്ച തുടക്കമാകും. 22-ാ മത് ഇന്ത്യ - റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി, റഷ്യൻ പ്രസിഡൻറ് വ്ളാദിമിർ പുടിൻറെ ക്ഷണപ്രകാരമാണ്
പ്രധാനമന്ത്രി മോസ്കോയിലെത്തുന്നത്. പ്രതിരോധം, ഊർജം, നിക്ഷേപം, വിദ്യാഭ്യാസം തുടങ്ങി നിരവധി വിഷയങ്ങൾ ചർച്ചയാകും. 41 വർഷങ്ങൾക്കിടെ ഒരു ഇന്ത്യൻ പ്രധാനമന്ത്രി നടത്തുന്ന ആദ്യ ഓസ്ട്രിയ സന്ദർശനം കൂടിയാണിത്.

വിശദാംശങ്ങളിലേക്ക്......

(ഹോൾഡ് വോയ്സ്)

*റഷ്യൻ പ്രസിഡൻറ് വ്ളാദിമിർ പുടിനുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. പ്രദേശിക, അന്താരാഷ്ട്ര പ്രാധാന്യമുള്ള സമകാലിക വിഷയങ്ങൾ ഇരു നേതാക്കളും ചർച്ച ചെയ്യും. രണ്ട് ദിവസത്തെ റഷ്യൻ സന്ദർശനത്തിനു ശേഷം ഈ മാസം 9, 10 തീയതികളിൽ ശ്രീ മോദി ഓസ്ട്രിയ സന്ദർശിക്കും. ഓസ്ട്രിയൻ പ്രസിഡൻറ് അലക്സാണ്ടർ വാൻ ദേർ ബെലനുമായും, ചാൻസലർ കാൾ നെഹാമറുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. ഇന്ത്യയിലെയും, ഓസ്ട്രിയയിലെയും വ്യാപാര പ്രമുഖരുമായും നേതാക്കൾ സംവദിക്കും. മോസ്കോയിലെയും, വിയന്നയിലെയും ഇന്ത്യൻ സമൂഹത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും. ഇന്ത്യ- റഷ്യ വാർഷിക ഉച്ചകോടിയിൽ പ്രതിരോധം, ഊർജ സഹകരണം, നിക്ഷേപം, വിദ്യാഭ്യാസം, ശാസ്ത്ര സാങ്കേതിക വിദ്യ, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള*

*സഹകരണം എന്നിവ ചർച്ചാവിഷയമാകുമെന്ന് വിദേശകാര്യ സെക്രട്ടറി വിനയ് മോഹൻ ക്വാത്ര അറിയിച്ചു. പ്രധാനമന്ത്രിയുടെ റഷ്യ- ഓസ്ട്രിയ സന്ദർശന വേളയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ബഹുമുഖ സഹകരണം പ്രധാനമന്ത്രി നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡൻറ് വ്ളാദിമിർ പുടിനും വിലയിരുത്തുമെന്നും അദ്ദേഹം പറഞ്ഞു. ആഗോള സംഘടനകളായ ബ്രിക്സ്, എസ്. സി. ഒ , ജി20, കിഴക്കൻ ഏഷ്യ ഉച്ചകോടി എന്നിവയുടേയും ഐക്യരാഷ്ട്രസഭയുടേയും പ്രവർത്തനം ഇരു നേതാക്കളും വിലയിരുത്തും.*

*ന്യൂസ് ഡെസ്ക് ആകാശവാണി......*

*******************

## EARLY UK- RESULT

യുകെ പാർലമെൻറ് തിരഞ്ഞെടുപ്പിൽ ചരിത്രവിജയം കുറിച്ച് ലേബർ പാർട്ടി. നിലവിലെ പ്രധാനമന്ത്രി റിഷി സുനക് നയിക്കുന്ന കൺസർവേറ്റീവ് പാർട്ടിക്ക് കനത്ത തിരിച്ചടിയാണ് തിരഞ്ഞെടുപ്പിൽ ഉണ്ടായത്. ലേബർ പാർട്ടി നേതാവ് കെയർ സ്റ്റാർമർ അടുത്ത ബ്രിട്ടീഷ് പ്രധാനമന്ത്രിയാവും. 650 ൽ 410 സീറ്റുകളിൽ ലേബർ പാർട്ടി വിജയം നേടി.

*******************

## MODI- KEIR STARMER

യുകെ പൊതു തിരഞ്ഞെടുപ്പിൽ വിജയിച്ച കെയർ സ്റ്റാർമറിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. ഇന്ത്യ- യുകെ നയതന്ത്ര സഹകരണം മെച്ചപ്പെടുത്താൻ കെയ്റുമായി ചേർന്ന് പ്രവർത്തിക്കാൻ സാധിക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ഇന്ത്യ- യുകെ ബന്ധം ആഴത്തിലുള്ളതാക്കാൻ നടത്തിയ പ്രയത്നങ്ങൾക്ക് ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനകിന് അദ്ദേഹം നന്ദി അറിയിച്ചു.

*******************

## UK PM - RESIGN

UK-യിൽ പൊതുതിരഞ്ഞെടുപ്പ് ഫലത്തെ തുടർന്ന് പ്രധാനമന്ത്രി ഋഷി സുനക് രാജിവെച്ചു. പിൻഗാമിയെ തിരഞ്ഞെടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയാവുന്നതോടെ അദ്ദേഹം കൺസർവേറ്റീവ് പാർട്ടിയുടെ നേതൃസ്ഥാനവും ഒഴിയും.

*******************

## ASHWINI VAISHNAV- RAILWAYS

ഇന്ത്യൻ റെയിൽവേ ഈ വർഷം 2500 ജനറൽ കോച്ചുകൾ നിർമ്മിക്കുന്നുണ്ടെന്നും തുടർന്ന് പതിനായിരം ജനറൽ കോച്ചുകൾ കൂടി നിർമ്മിക്കുമെന്നും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ഇന്ത്യൻ റെയിൽവേയുടെ ഗതി ശക്തി വിശ്വവിദ്യാലയും പ്രമുഖ വാണിജ്യ വിമാന നിർമ്മാതാക്കളായ എയർബസും തമ്മിൽ ധാരണാപത്രം ഒപ്പുവെക്കുന്ന വേളയിലാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. 50 അമൃത് ഭാരത് ട്രെയിനുകളുടെ നിർമ്മാണം ഇതിനകം ആരംഭിച്ചിട്ടുണ്ടെന്നും ട്രെയിൻ സുരക്ഷാ സംവിധാനമായ കവച് ഉടൻ പ്രവർത്തന സജ്ജമാകുമെന്നും അദ്ദേഹം പറഞ്ഞു.

*******************

## HC KEJRIWAL

മദ്യനയ അഴിമതി കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്രിവാൾ സമർപ്പിച്ച ജാമ്യ ഹർജിയിൽ സിബിഐക്ക് ഡൽഹി ഹൈക്കോടതി നോട്ടീസ് അയച്ചു. കേസ് ഈ മാസം 17ന് വാദം കേൾക്കാൻ മാറ്റിവച്ചു. കേസിൽ നിലപാട് അറിയിക്കാൻ കേന്ദ്ര ഏജൻസിയോട് കോടതി ആവശ്യപ്പെട്ടു. ഹൈക്കോടതിയിൽ നേരിട്ട് ജാമ്യഹർജി ഫയൽ ചെയ്യുന്നതിനെ സിബിഐ അഭിഭാഷകൻ എതിർത്തിരുന്നു. ആദ്യം വിചാരണ കോടതിയിൽ ജാമ്യാപേക്ഷ സമർപ്പിക്കണമെന്ന് സിബിഐ വാദിച്ചു. എന്നാൽ ഇക്കാര്യം പിന്നീട് പരിഗണിക്കാമെന്ന് പറഞ്ഞ കോടതി

സിബിഐയോട് നിലപാട് വ്യക്തമാക്കാൻ ആവശ്യപ്പെടുകയായിരുന്നു.

*******************

## EVE. HATHRAS STAMPEDE

121 പേർക്ക് ജീവൻ നഷ്ടമായ ഹത്രാസ് അപകടത്തിൽപ്പെട്ടവരുടെ കുടുംബാംഗങ്ങളെ സന്ദർശിച്ച് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. അപകടത്തിൽപ്പെട്ടവരിൽ ഭൂരിഭാഗവും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരാണെന്നും ഇവർക്ക് സാധ്യമായ ഉയർന്ന സഹായധനം നൽകണമെന്നും ശ്രീ രാഹുൽ ഗാന്ധി ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിനോട് ആവശ്യപ്പെട്ടു.

അതേസമയം അപകടത്തിൽ പ്രത്യേക അന്വേഷണ സംഘം മുഖ്യമന്ത്രി യോഗി ആദിത്യനാഥിന് 15 പേജുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. പരിപാടിയുടെ സംഘാടകർ, പരിപാടിയിൽ സംബന്ധിച്ചവർ എന്നിവർ ഉൾപ്പെടെ 100 ഓളം പേരുടെ മൊഴി ആണ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

*******************

## FMGE Exam

വിദേശ മെഡിക്കൽ വിദ്യാർഥികൾക്കായി ഇന്ത്യയിൽ നടത്തുന്ന FM GE പരീക്ഷ നാളെ നടക്കും. ഈ പരീക്ഷയുടെ ചോദ്യ പേപ്പർ ലഭ്യമാക്കാം എന്ന തരത്തിൽ വലിയ തുകകൾ ആവശ്യപ്പെട്ട് സമൂഹ മാധ്യമങ്ങളിലും മറ്റും വരുന്ന പോസ്റ്റുകളിൽ കബളിപ്പിക്കപ്പെടരുതെന്നും നാളത്തെ പരീക്ഷയുടെ ചോദ്യ പേപ്പർ തയ്യാറാക്കി വരുന്നതേ ഉള്ളുവെന്നും National Board of Examinations in Medical Sciences അറിയിച്ചു.

അത്തരം പ്രവർത്തനങ്ങളിൽ ഏതെങ്കിലും എഫ്എംജിഇ പരീക്ഷാർഥികൾ ആരെങ്കിലും നേരിട്ടോ അല്ലാതെയോ

ഏർപ്പെട്ടാൽ എൻബിഇഎംഎസ് അതിനെതിരെ ഉചിതമായ നടപടി സ്വീകരിക്കുമെന്നും ദേശീയ പരീക്ഷാ ബോർഡ് വ്യക്തമാക്കിയിട്ടുണ്ട്.

*******************

## WOMEN T-20

ദക്ഷിണാഫ്രിക്കക്കെതിരായ വനിതാ ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യമത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ഫീൽഡിംഗ് തെരഞ്ഞെടുത്തു. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

*******************

## EURO CUP

യൂറോ കപ്പ് ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇന്ന് സ്പെയിൻ ജർമ്മനിയുമായി ഏറ്റുമുട്ടും. ഇന്ത്യൻ സമയം രാത്രി 9.30-നാണ് മത്സരം. രാത്രി 12.30- ന് നടക്കുന്ന രണ്ടാം മത്സരത്തിൽ പോർച്ചുഗൽ ഫ്രാൻസിനെ നേരിടും.

*******************

## SAMPOORNATA ABHIYAN

നിതി ആയോഗിൻറെ നേതൃത്വത്തിൽ നടപ്പാക്കുന്ന സമ്പൂർണത അഭിയാൻറെ വയനാട് ജില്ലാതല പരിപാടിക്ക് കൽപ്പറ്റയിൽ തുടക്കമായി. നാളെ മാനന്തവാടി ബ്ലോക്കിലാണ് പരിപാടി. പാലക്കാട് ജില്ലയിലെ കൊല്ലങ്കോടും ഇടുക്കിയിലെ ദേവികുളത്തും സമ്പൂർണതാ അഭിയാന് ഇന്ന് തുടക്കമായി. ഇടുക്കിയിലെ അഴുത ബ്ലോക്കിലും, പാലക്കാട്ടെ ആദിവാസി മേഖലയായ അഗളി ബ്ലോക്കിലും നാളെ പരിപാടി സംഘടിപ്പിക്കും. കേന്ദ്രം നടപ്പാക്കുന്ന

അഭിലാഷ ജില്ലാ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമിട്ടാണ് സമ്പൂർണതാ അഭിയാൻ നടപ്പാക്കുന്നത്.

*******************

## ASSEMBLY - WALKOUT

സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്. സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥയെ തുടർന്ന് അപകടങ്ങൾ വർദ്ധിക്കുന്ന സാഹചര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് നജീബ് കാന്തപുരമാണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്.

എന്നാൽ, സംസ്ഥാനത്തെ റോഡുകളിൽ ഭൂരിഭാഗവും സഞ്ചാരയോഗ്യമാണെന്നും, പ്രവൃത്തികൾ നടക്കുന്ന ചില റോഡുകൾ പൂർത്തിയാക്കാനുണ്ടെന്നും മന്ത്രി മുഹമ്മദ് റിയാസ് മറുപടി നൽകി. വിഷയം അടിയന്തരമായി ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്നും, മന്ത്രി അറിയിച്ചു. ഇതോടെ ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോകുകയായിരുന്നു.

*******************

## Amoebic meningoencephalitis

അമീബിക് മസ്തിഷ്ക ജ്വരം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ യോഗം ചേർന്നു. ജലാശയങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

യോഗത്തിൽ ആരോഗ്യമന്ത്രി വീണാ ജോർജ്, ചീഫ് സെക്രട്ടി ഡോ. വേണു വി, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ ഖോബ്രഗഡെ, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ഇ ശ്രീകുമാർ തുങ്ങിയവർ പങ്കെടുത്തു.

*******************

## JITENDRA - FATTY LIVER

കരൾ വീക്കത്തിന്റെ വിവിധ ഘട്ടങ്ങൾ കണ്ടെത്തുന്നതിന് ലളിതവും ചെലവ് കുറഞ്ഞതുമായ പരിശോധന

രീതികൾ വികസിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കേന്ദ്രമന്ത്രി ഡോ.ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിലെ Institute of Liver and Biliary Sciences-ൽ കരൾ രോഗങ്ങളെ തടയുന്നതിനും സുഖപ്പെടുത്തുന്നതിനുമുള്ള Indo-French Liver and Metabolic Disease Network-ന് തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

********************

***************

******